# ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സ്ഥലം മാറ്റം- പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- 1. ഈ ഓഫീസിലെ 31.01.2017-ലെ ഇതേ നമ്പർ ഉത്തരവ്.
2. ശ്രീമതി.ലീന.കെ.ആർ, സീനിയർ ക്ലാർക്ക്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വൈക്കം, കോട്ടയം-യുടെ 04.02.2017-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇ.ഡി1-2/2017/ആ.വ.ഡ,തീയതി .02.2017**

സൂചന ഉത്തരവിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശ ഉത്തരവിൻ പ്രകാരം കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റം നൽകി എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർക്ക് ഉചിതമായ നിയമനത്തിനായി അനുവദിക്കപ്പെട്ട ക്രമ നമ്പർ 3 ശ്രീമതി. ലീന.കെ.ആർ എറണാകുളം ജില്ലയിലേക്കുള്ള തന്റെ സ്ഥലം മാറ്റം പരാമർശം 2 പ്രകാരം റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ എറണാകുളം ജില്ലയിലേക്കുള്ള ശ്രീമതി.ലീന.കെ.ആർ-ന്റെ സ്ഥലം മാറ്റം റദ്ദു ചെയ്തുകൊണ്ട് ടിയാളെ വൈക്കം താലൂക്കാശുപത്രിയിൽ നിലനിർത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി.ലീന.കെ.ആർ-നു പകരം കോട്ടയം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയ ശ്രീമതി. ജോയ്സ് മാത്യൂവിന് ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നിന്ന് സ്ഥലം മാറ്റപ്പെട്ട ശ്രീമതി.ഷൈനിദാസ്.ജെ.പി-യുടെ ഒഴിവിൽ നിയമനം നൽകേണ്ടതാണ്.

പരാമർശ ഉത്തരവ് ടി മാറ്റങ്ങൾക്ക് വിധേയമായി നിലകൊള്ളുന്നതാണ്.

ടി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവികൾ ടി ജീവനക്കാരെ നിയമനത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചാലുടൻ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതാണ്.

ടി ജീവനക്കാരെ നിയമന ഉത്തരവിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഈ ഉത്തരവ് ലഭിച്ച ശേഷം അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് നിയമന ഉത്തരവ് നൽകുന്നതിനും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഉഷാറാണി.പി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം, കോട്ടയം
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA